**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 211** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എ. രാജ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യ സംരക്ഷണത്തിന് സർക്കാർ ആരംഭിച്ച കൗൺസിലിംഗ്, പരിശീലന പരിപാടികൾ എന്നിവയുടെ കാര്യക്ഷമത എത്രത്തോളമാണെന്നും എത്ര പേർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യ സംരക്ഷണത്തിന് കൗൺസിലിംഗും പരിശീലനവും നൽകിവരുന്നതിന്റെ വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനരീതിയും ഇത് കുട്ടികളുടെ മാനസിക, ആരോഗ്യ സൂചികകളിൽ വരുത്തിയ മാറ്റങ്ങളും വിശദമാക്കാമോ; | (ബി) | വിശദ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | പാവപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന സൗജന്യ മെഡിക്കൽ സഹായ പദ്ധതികൾ എന്തൊക്കെയാണെന്നും എത്ര പേർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിലെ മാരകമായ രോഗങ്ങൾ – ബാധിച്ചവരും അത്യാഹിതങ്ങളിൽപെട്ടവരുമായവർക്ക് 50000 രൂപ വരെയും ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ തുടങ്ങിയ ഗുരുതരരോഗങ്ങൾക്ക് പരമാവധി 100000 രൂപ വരെയും ചികിത്സാ ധനസഹായമായി വകുപ്പിന്റെ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം T-Grants Portal വഴി അനുവദിക്കുന്നു. 2021-22 മുതൽ നാളിതുവരെ 51596 പേർക്കായി ആകെ 116.07 കോടി രൂപ ധനസഹായം പട്ടികജാതി വികസന വകുപ്പ് അനുവദിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ലക്ഷ്യമിട്ട് പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഈ സർക്കാർ കാലയളവിൽ 1,74,043 പേർക്ക് 125.29 കോടി |

| | | | |
|---|---|---|---|
| | | | പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗക്കാരായ അരിവാൾ രോഗികൾക്കുള്ള പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം ഈ സർക്കാർ കാലയളവിൽ 4481 പേർക്ക് 10.74 കോടി രൂപ അനുവദിച്ചു. വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന ട്രൈബൽ മെന്റൽ ഹെൽത്ത് പദ്ധതി പ്രകാരം 903 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി.ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും സൗജന്യമായി മെഡിക്കൽ സഹായം പട്ടിക വർഗ്ഗക്കാർക്ക് നൽകുന്നുണ്ട് .<br><br>ഇടുക്കി ജില്ലയിൽ വെള്ളക്കയം, കോവിൽക്കടവ് എന്നീ സ്ഥലങ്ങളിൽ ഒ.പി.ക്ലിനിക്കുകളും തൃശ്ശൂർ ജില്ലയിൽ മലക്കപ്പാറയിൽ ഒരു ഒ.പി.ക്ലിനിക്കും അട്ടപ്പാടിയിൽ ഇലച്ചിവഴി പാടവയൽ എന്നീ ഇടങ്ങളിൽ ഓരോ ഒ.പി.ക്ലിനിക്കു വീതവും പ്രവർത്തിക്കുന്നു. പട്ടികവർഗ വികസന വകുപ്പിനു കീഴിൽ 3 ANM സെന്ററുകൾ പ്രവർത്തിക്കുന്നു. (Auxilary Nurse & Mid-wifery Centre) സേവനങ്ങൾ ബന്ധപ്പെട്ട ജില്ലകളിലെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കു ഉപയോഗപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിനായി വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, ടൂറിസം, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. പരിശീലനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ ഇത്തരം നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ പരിശീലനം നേടുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും സഹായകരമാകുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം 2021–22 വർഷം മുതൽ നാളിതുവരെ 2146 പേർക്ക് നൈപുണ്യ വികസന പരിശീലനം നൽകിയിട്ടുണ്ട്.

നിരാലംബരും അശരണരുമായ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വൃദ്ധരുടെ പൂർണ്ണ സംരക്ഷണം ലക്ഷ്യം വെച്ച് 2000–ാം ആണ്ടിൽ "കാരുണ്യാശ്രമം" എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2010 ൽ ടി സ്ഥാപനം കാവുണ്ടിക്കല്ലിൽ പട്ടികവർഗ വികസന വകുപ്പിന് സ്വന്തമായുള്ള സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് ഈ സ്ഥാപനത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ "പുനർജ്ജനി" എന്ന പദ്ധതി പ്രകാരം അശരണരും മാനസിക വെല്ലുവിളികൾ നേരിടുന്നവരുമായ അന്തേവാസികളുടെ കൂടെ വൃദ്ധരല്ലാത്തവരെയും പ്രവേശിപ്പിച്ച് പരിചരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. നിലവിൽ കാരുണ്യാശ്രമം, പുനർജ്ജനി പദ്ധതികളിലായി 47 അന്തേവാസികൾ താമസിച്ചു വരുന്നു. പട്ടികവർഗ വിഭാഗത്തിലുള്ള ആളുകൾക്ക് മാനസിക പരിചരണവും പുനരധിവാസവും നൽകുന്നതിനായി വയനാട് ജില്ലയിൽ കോഴിക്കോട് IMHANS മുഖേന പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ആളുകളുടെ മാനസികാരോഗ്യ പരിചരണവും പുനരധിവാസവും ലക്ഷ്യമാക്കി ഒരു ട്രൈബൽ മെന്റൽ ഹെൽത്ത് പദ്ധതി 2021–22 സാമ്പത്തികവർഷം മുതൽ നടപ്പാക്കി വരുന്നു.

## അനുബന്ധം – 2

പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പാഠ്യപദ്ധതികളും അനുബന്ധ പ്രവർത്തനങ്ങളുമാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കി വരുന്നത്. ഈ സ്കൂളുകൾ വഴി മികച്ച നിലവാരത്തിലുള്ള താമസ സൗകര്യവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസവും നൽകി വരുന്നു. കൂടാതെ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ മാനസികവും, ആരോഗ്യവുമായ സൂചികകളിൽ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സ്റ്റുഡൻസ് കേഡറ്റ് പദ്ധതി, സുരീലി ഹിന്ദി, മലായളത്തിളക്കം, കലോത്സവം, സ്പോർട്സ്, YIP ശാസ്ത്രപഥം, മഞ്ചാടി, മഴവില്ല്, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കുട്ടികളിലെ അഭിലാഷങ്ങളും കരിയർ ലക്ഷ്യങ്ങളും ജ്വലിപ്പിക്കുന്നതിനും അവരുടെ വളർച്ചയ്ക്കും വികസനത്തിനുമുള്ള അവസരങ്ങൾ നൽകുന്നതിനും വേണ്ടി സാമൂഹ്യ സന്നദ്ധസേനാ വകുപ്പുമായി ചേർന്ന് പ്രോജക്ട് ത്രൈവ് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കുട്ടികളിലെ കരകൗശലവും നൈപുണ്യപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി വാസ്തുവിദ്യാഗുരുകുലവുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കുട്ടികളിലെ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് വേണ്ടി സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും കുട്ടികൾക്കായ് സംസ്ഥാനതലത്തിൽ സർഗോത്സവം കലാമേളയും കൂടാതെ കായിക പരമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന തലത്തിൽ കളിക്കളം എന്ന പേരിൽ കായിക മേളയും നടപ്പിലാക്കി വരുന്നു. ആയതിൽ സർഗോത്സവത്തിൽ പങ്കെടുത്ത് വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്. സ്കൂളുകളിലെ കുട്ടികളുടെ വൈകാരിക ക്ഷേമവും അതിജീവനശേഷിയും വർദ്ധിപ്പിക്കുന്നതിനോടൊപ്പം കുട്ടികൾ പ്രായപൂർത്തിയാകുമ്പോൾ വിദ്യാഭ്യാസപരമായ വികസനവും ആത്മവിശ്വാസമുള്ളവരും സ്വയംപര്യാപ്തരുമായ വ്യക്തികളാക്കുന്ന പ്രാപ്തരാക്കുന്നതിന് വേണ്ടി അസാപ്പിന്റെ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കുട്ടികളുടെ കരിയർ ഗൈഡൻസ് പ്രവർത്തനങ്ങൾ, ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, സി-ഡിറ്റുമായി സഹകരിച്ചുള്ള ഡി സി എ കോഴ്സുകൾ, സാമൂഹ്യ സന്നദ്ധതയുള്ള മറ്റ് സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതോടൊപ്പം കുട്ടികളിലെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്കൂളുകളിൽ ആധുനിക രീതിയിലുള്ള ലൈബ്രറികൾ സജ്ജീകരിച്ചും തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ചുള്ള അക്ഷരോന്നതി പദ്ധതിയും കൂടാതെ കുട്ടികളുടെ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിനായി പഠന വിനോദയാത്രകളും എക്സ്പോഷർ വിസിറ്റുകളും നടപ്പിലാക്കി വരുന്നുണ്ട്.

വിദ്യാർത്ഥികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സയൻസ് ക്ലബ്, മാത്സ് ക്ലബ്, പരിസ്ഥിതി ക്ലബ്, ലഹരി വിരുദ്ധ ക്ലബ് മുതലായവയും പ്രവർത്തിച്ചു വരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനായി മോട്ടിവേഷൻ ക്ലാസുകൾ നൽകിവരുന്നു.

വിദ്യാഭ്യാസ വകുപ്പും ആഭ്യന്തര വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സ്റ്റുഡന്റ് കേഡറ്റ് പദ്ധതി വിദ്യാർത്ഥികളിൽ പൗരബോധം വളർത്തുന്നതിനും അച്ചടക്കത്തോടെയും ലക്ഷ്യബോധത്തോടുകൂടിയും സേവന സന്നദ്ധതയും സാമൂഹ്യ പ്രതിബദ്ധതയുമുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനു സഹായിക്കുന്നു. എസ്.എസ്.എൽ.സി, പ്ലസ്ടു പൊതു പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠനം പൂർത്തിയാക്കിയ കുട്ടികൾ എം ബി ബി എസ്. എൻജിനീയറിങ്, നഴ്സിംഗ്, അഡ്വക്കേറ്റ്, സിവിൽ സർവ്വീസ് പരീക്ഷ പാസ്സായി കേന്ദ്ര തലത്തിലും, ആരോഗ്യ വിഭാഗത്തിൽ ഡോക്ടറായും, പോലീസ്, ഫോറസ്റ്റ്, പോസ്റ്റൽ വകുപ്പുകളിലും, നാഷണലൈസ്ഡ് ബാങ്കുകളിലും, കര, നാവിക സേനകളിലും, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ എൻജിനിയറിംഗ് വിഭാഗത്തിലും തുടങ്ങി വിദേശങ്ങളിലും നല്ല രീതിയിൽ ജോലി ചെയ്തു വരുന്നു. കായിക പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നുന്നതിനും മികച്ച താരങ്ങളെ വാർത്ത് എടുക്കുന്നതിനും അതുവഴി കായികരംഗത്ത് നമ്മുടെ സംസ്ഥാനത്തിനും രാജ്യത്തിനും അഭിമാനമാകുന്ന രീതിയിൽ പരിശീലനം കൊടുക്കുവാൻ വേണ്ടി തിരുവനന്തപുരത്ത് വെള്ളായനിയിൽ അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നു. കഴിഞ്ഞ 22 വർഷമായി സ്ഥാപനത്തിൽ നിന്നും മികച്ച കായിക താരങ്ങളെ പരിശീലിപ്പിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയതലത്തിലും, സംസ്ഥാനതലത്തിലും മികവുള്ള പ്രതിഭകൾ ഈ കാലയളവിൽ ഉണ്ടായി.